കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.28/3023/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 09-01-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാറഞ്ചേരി ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം28/3023/16 തിയ്യതി: 9/1

/2017

മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2015 മുതൽ 31-03-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 22-10-2016 മുതൽ 03-11-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. എം.പി.അബ്ദുൽ റഷീദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. സജീഷ്.എം.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. അനീത് ബാബു കെ.ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. ഇ. സിന്ധു | 01-04-2015 *മുതൽ*<br>31-10-2015 *വരെയും*<br>19-11-2015 *മുതൽ*<br>31-03-2016 *വരെയും* |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം<br>(കൃഷി ഓഫീസർ, ഐ.സി.ഡി.എസ്, സെക്രട്ടറി എന്നിവർ അടങ്ങിയ ഭരണ നിർവഹണ സമിതി) | 01.11.2015 മുതൽ 18.11.2015 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. വി. ജയരാജൻ | 01.04.2015 മുതൽ<br>31.03.2016 വരെ |

അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| ശ്രീ.അനിൽ ബാബു | 01.04.2015 മുതൽ<br>31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനിയർ | ശ്രീ. സനിൽ കുമാർ. എം.വി | 01.04.2015 മുതൽ<br>31.03.2016 വരെ |
| വി. ഇ. ഒ | ശ്രീ. ശ്രീജിത്ത് | 01.04.2015 മുതൽ<br>22.12.2015 വരെ |
| | ശ്രീമതി. പ്രമീള | 23.12.15 മുതൽ 31.03.16വരെ |
| കൃഷി ഓഫീസർ | ശ്രീമതി.എൻ.നളിനി | 01.04.2015 മുതൽ<br>31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.അഷറഫ് അബ്ദുൽ റഹ്മാൻ | 01.04.2015 മുതൽ<br>31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. നിർമല കുമാരി | 01.04.2015മുതൽ<br>31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. എ.ഗംഗാധരൻ | 01.04.2015 മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.പ്രിയ.എ | 01.04.2015 മുതൽ<br>31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഗ്രീഷ്മ. എം.ബി | 01.04.2015 മുതൽ10.11.2015വരെ<br>11.12.2015 മുതൽ09.03.16വരെ |
| | ഡോ.ആദർശ് | 11.11.2015 മുതൽ10.12.2015വരെ<br>10.03.2016 മുതൽ31.03.2016വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |

| | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | പെർമിറ്റ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി നഷ്ടം 1181/- രൂ | 2-1 | |
| 13 | ഡി. & ഒ. ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ | 2-2 | |
| 14 | കരാർ ചമക്കാതെ മുറികൾ വാടകയ്ക്ക് നൽകുന്നു. | 2-3 | |
| 15 | ഡി ആന്റ് ഒ ലൈസൻസ് - ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല | 2-4 | |
| 16 | പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തൽ | 2-5 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 17 | മരുന്നുകൾ മുഴുവനായും ലഭ്യമായില്ല | 3-1 | |
| 18 | ഭവനപുനരുദ്ധാരണം വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ആനുകൂല്യം നൽകി | 3-2 | |
| 19 | ജനറേറ്റർ വാങ്ങൽ - അപാകതകൾ | 3-3 | |
| 20 | മുറിച്ചുമാറ്റിയ മരം ലേലം ചെയ്യുന്നതിന് നടപടിയില്ല. | 3-4 | |
| 21 | പൊതുടാപ്പ് തെരുവ് വിളക്ക് പരിപാലനം- അപാകതകൾ | 3-5 | |
| 22 | ഫിസിയോ തെറാപ്പിയൂണിറ്റ് അപാകതകൾ | 3-6 | |
| 23 | പരിരക്ഷ പാലിയേറ്റീവ് പരിചരണ പദ്ധതി-അധിക തുക നൽകി | 3-7 | |
| 24 | സമഗ്ര വിദ്യാഭ്യാസ പദ്ധതി-ചെലവ് രേഖകൾ ഹാജരാക്കിയില്ല - ₹6700 തടസ്സം ചെയ്യുന്നു. | 3-8 | |
| 25 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 3-9 | |
| 26 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്- ആവശ്യമായ രേഖകൾ ഹാജരാക്കാതെ ആനുകൂല്യങ്ങൾ നൽകുന്നു | 3-10 | |
| 27 | ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികളിൽ മാർഗ്ഗരേഖകൾ പാലിക്കുന്നില്ല | 3-11 | |
| 28 | എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയർ രേഖകളും | 3-12 | |

| | | | |
|---|---|---|---|
| | രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച | | |
| 29 | വരവു ചെലവു കണക്കുകൾ / ചെലവു രേഖകൾ ഹാജരാക്കാത്ത കൺവീനർക്ക് പണം നൽകിയത് തടസ്സം ചെയ്യുന്നു. | 3-13 | |
| 31 | ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-14 | |
| 32 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-15 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 34 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 36 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 38 | ഓഡിറ്റ് റിക്കവറി | 4-6 | |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 42 | Audit Certificate | അനുബന്ധം 1 | |
| 43 | ബാലൻസ് ഷീറ്റ് | അനുബന്ധം2 | |
| 44 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | അനുബന്ധം3 | |
| 45 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | അനുബന്ധം4 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് 28-03-2015 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

പുതുക്കിയ ബജറ്റ് അവതരിപ്പിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 (5) പ്രകാരം പഞ്ചായത്ത് ഒരു വർഷത്തിനിടയ്ക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ സർവ്വീസുകൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി, അനുവാദത്തിനു വേണ്ടി പഞ്ചായത്തിന്റെ മുൻപാകെ വച്ച് അംഗീകാരം വാങ്ങണം. എന്നാൽ 2015-16 വർഷത്തിലെ ബഡ്ജറ്റ് പുതുക്കിയതായി കാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ബഡ്ജറ്റിൽ നിന്നും മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കി ബാക്കി തുകയിൽ വ്യത്യാസമുള്ളത് പരിഗണിച്ചതായി കാണുന്നില്ല. സാമ്പത്തിക വർഷാവസാനം വ്യതിയാനങ്ങൾ ക്രമീകരിക്കുന്നതിനായി പുതുക്കിയ ബജറ്റ് അവതരിപ്പിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (ഓൺലൈൻ സമർപ്പണം) |
|---|---|---|
| 2015-16 | 31.07.2016 | 01.08.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

വാർഷിക കണക്കുകളിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കാണപ്പെട്ട പൊതു അപാകതകൾ താഴെ പറയുന്നു.

1. സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) വികസിപ്പിച്ച സാംഖ്യ സോഫ്റ്റ് വെയറിൽ മുൻവർഷത്തെ തുകകൾ ഉൾപ്പെടുത്താനുള്ള ക്രമീകരണം ചെയ്തിട്ടില്ല എന്നാണ് ഗ്രമ പഞ്ചായത്ത് ഇതു സംബന്ധിച്ച് മറുപടി നൽകിയത്.ധനകാര്യ പത്രികയിൽ താരതമ്യത്തിനായി മുൻവർഷ തുകകൾ ഉൾപ്പെടുത്താനുള്ള കോളം നിലവിലുണ്ട്.സാംഖ്യ സോഫ്റ്റ് വെയറിൽ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിതുടങ്ങിയിട്ട് അഞ്ചു വർഷമായെങ്കിലും സോഫ്റ്റ് വെയർ ഗ്രാമ പഞ്ചായത്തിന്റെ ആവശ്യകത നിറവേറ്റുന്നതിന് പൂർണ്ണ സജ്ജമായിട്ടില്ല എന്ന് ഇക്കാര്യം വ്യക്തമാക്കുന്നു.

2. പഞ്ചായത്ത് തയ്യാറാക്കിയ ബജറ്റ് ഫംഗ്ഷൻ- ഫംഗ്ഷനറി അടിസ്ഥാനത്തിലല്ലാത്തതിനാൽ സാംഖ്യ വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന രീതിയിലല്ല.ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവിൽ നിന്നും യഥാർത്ഥ വരവ് കുറവാണ്.വരവ് 59% വും ചെലവ് 51% വും കുറഞ്ഞിരിക്കുന്നു. വ്യത്യാസം ക്രമീകരിക്കുന്നതിന് പുതുക്കിയ ബജറ്റ് അംഗീകാരം വാങ്ങിയിട്ടില്ല.

3. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ വസ്തു നികുതി ഡിമാന്റ് ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ വാർഷിക ധനകാര്യ പത്രിക അപൂർണ്ണമാണ്. ബാലൻസ് ഷീറ്റിലെ കിട്ടാനുള്ള വസ്തു നികുതി തുകയായി രേഖപ്പെടുത്തിയ തുക, കിട്ടാനുള്ള വസ്തു നികുതിക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയത് എന്നിവ യഥാർത്ഥമല്ല. അവയെ സാധൂകരിക്കുന്ന രേഖകൾ ഇല്ല.വസ്തു നികുതി ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റിയെങ്കിലും സാംഖ്യ-സഞ്ചയ ഇന്റഗ്രേഷനിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗ്രാമ പഞ്ചായത്തിനോ സപ്പോർട്ടിംഗ് ഏജൻസിയായ ഐ.കെ.എമ്മിനോ സാധ്യമായിട്ടില്ല.

4. 2014-15 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കിട്ടാനുള്ള വസ്തു നികുതി ( കുടിശ്ശിക) തുക 2015-16 ലെ പ്രാരംഭ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുള്ളതായി ഗ്രാമ പഞ്ചായത്ത് അറിയിച്ചു. എന്നാൽ കൃത്യമായ ഡിമാന്റ് വിവരങ്ങൾ ലഭ്യമല്ല.ഡി.സി.ബി പത്രിക പ്രകാരം മുൻവർഷങ്ങളിലെ കുടിശ്ശിക 751972 രൂപ, വാർഷിക കണക്കുകൾ പ്രകാരം 8,23,579 രൂപ. 2015-16 തൻവർഷ കുടിശ്ശിക ഡി.സി.ബി പത്രിക പ്രകാരം 15,56,937 രൂപ. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം 15,58,363 രൂപ.

5. ട്രഷറിയിലെ തനതു ഫണ്ട് അക്കൗണ്ട് വി.പി.എഫ് എ 1_2 ൽ വാർഷിക കണക്കുകൾ പ്രകാരം പ്രാരംഭ ബാക്കിയായും വർഷാവസാന നീക്കിയിരിപ്പായും 3,26,446 രൂപയുണ്ട്. എന്നാൽ ട്രഷറി സ്ലോൾ ലഭ്യമല്ല. അക്കൗണ്ട് സംബന്ധിച്ചും നീക്കിയിരിപ്പിന്റെ നിജസ്ഥിതി സംബന്ധിച്ചും ആധികാരിക രേഖകൾ ഹാജരാക്കിയില്ല.ബാലൻസ് തുക ക്രമീകരിച്ച് വാർഷിക കണക്കുകൾ കുറ്റമറ്റതാക്കേണ്ടതാണ്.

6. കനറാ ബാങ്ക് പെരുമ്പടപ്പ് ശാഖയിലെ അക്കൗണ്ട് നമ്പർ 1424201000167 ( OAP) ൽ ബാങ്ക് ബുക്ക് പ്രകാരം.1,16,358 പ്രാരംഭ ബാക്കിയായും വർഷാവസാന നീക്കിയിരിപ്പായും ഉണ്ട് .എന്നാൽ ബാങ്ക് പാസ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് ഇല്ല. കറന്റ് അക്കൗണ്ട് ആയതിനാൽ പലിശയിനത്തിൽ വരവും ഇല്ല.അക്കൗണ്ട് സംബന്ധിച്ച നിജസ്ഥിതി വ്യക്തമാക്കേണ്ടതാണ്.

7.സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ പൊന്നാനി ശാഖയിലെ അക്കൗണ്ട് നമ്പർ 57064765555 ലെ 16-10-2015 മുതൽ 29-11-2015 വരെയുള്ള ബാങ്ക് പാസ് ബുക്ക് വിവരം ലഭ്യമാക്കിയില്ല.

8. നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പിലാക്കുന്ന പ്രൊജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്, ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി : 2,78,52,411

വരവ് : 4,09,12,733

ആകെ : 6,87,65,144

ചെലവ് : 5,23,11,991

നീക്കിബാക്കി : 1,64,53,153

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | | മുൻ ബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ തുക | ചെലവ് തുക | Balance/ Lapsed | RP 40 പ്രകാരം |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതുവിഭാഗം | 2674809 | 9676897 | (+)5601886 | 5601886 | 17953592 | 9593122 | 8360470 |
| | എസ്.സി.പി. | 263797 | 2888000 | (-)111418 | | 2750985 | | 0 |
| | ടി.എസ് പി. | 00 | 00 | | 00 | 00 | 00 | 00 |
| സംരക്ഷണഗ്രാന്റ് | റോഡ് | 832242 | 5725000 | | 6557242 | 6261743 | (-295499) | 00 |
| | നോൺറോഡ് | 1417930 | 3162000 | | 4579930 | 3746401 | (-833529) | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 1149705 | 6220494 | (-)2236468 | 5133731 | 5133731 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | | 3254000 | 3254000 | (-)3254000 | 3254000 | 3067972 | 186028 | 0 |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. | | 13429 | 11409192 | | 11422621 | 11421418 | 00 | 1203 |
| ബി ഫണ്ട് | | 00 | 34860426 | | 34860426 | 34860426 | -- | 00 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | ആകെ അടങ്കൽ | നടപ്പാക്കിയത് | ആകെ ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 119 | 51360914 | 94 | 36616163 | 13 | 11 | 79 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 909288 | 909287 | 100 |
| വെറ്റിനറി സർജൻ | 3 | 2 | 715400 | 119000 | 16.83 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 6 | 6 | 812561 | 798841 | 98.31 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 450000 | 450000 | 100 |
| വി.ഇ.ഓ | 13 | 11 | 15967500 | 7798000 | 48.83 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 2704100 | 2699616 | 99.83 |
| സെക്രട്ടറി | 19 | 17 | 6619108 | 4628705 | 69.92 |

| | | | | | |
|---|---|---|---|---|---|
| ഹെഡ്മാസ്റ്റർ | 7 | 6 | 1725750 | 981496 | 56.87 |
| അസി.എഞ്ചിനീയർ | 58 | 52 | 18509206 | 15700226 | 84.82 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 7 | 2948000 | 2530992 | 85.85 |

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 31.24 %കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+).(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4928971 | 3358206 | (-) 1570765 | (-)31.87% |
| നികുതിയേതര വരവുകൾ | 7,01,048 | 554070 | (-) 146978 | (-) 20.97% |
| മറ്റുവരവുകൾ | 2,33,156 | 2,33,594 | (+)438 | (+)0.18 |
| | | | | |

കുറിപ്പ്: മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമാണ് 2014-15 ലെ കണക്കുകൾ എടുത്തിട്ടുള്ളത്.

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

എ) തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,30,880 | 156 |
| കർഷക തൊഴിലാളി വേതനം | 43,72,500 | 600 |
| വിധവാ പെൻഷൻ | 1,02,26,000 | 1073 |
| വാർദ്ധക്യകാലപെൻഷൻ | 1,57,83,990 | 2019 |
| വികലാംഗപെൻഷൻ | 36,62,330 | 388 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള | 4,56,920 | 48 |

| | | |
|---|---|---|
| അവിവാഹിതകൾക്കുള്ള പെൻഷൻ | | |

ബി) സാമൂഹ്യക്ഷേമ പദ്ധതികളുടെ നിർവഹണത്തിലെ കാര്യ പ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 23 | 23 | 8 | |
| 2 | കർഷകതൊഴിലാളി വേതനം | 12 | 12 | 7 | - |
| 3 | വിധവാപെൻഷൻ | 97 | 97 | 12 | - |
| 4 | വാർദ്ധക്യകാലപെൻഷൻ | 287 | 287 | 32 | - |
| 5 | വികലാംഗപെൻഷൻ | 49 | 49 | 4 | - |
| 6 | 50 വയസ്സിനു മുകളിൽ.....സഹായം | 8 | 8 | 1 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-10-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 57546 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

നികുതി പിരിവ്, രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തുടങ്ങിയവയിലെ പോരായ്മകളും നിർദ്ദേശങ്ങളും ഭാഗം 2 ലും 3 ലും ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾനടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14-10-2016 | 2016 സെപ്റ്റമ്പർ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-03-2011 | 2005-06 to 2009-10 | 27-04-2011 |

പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടുകൾ പഞ്ചായത്തുകൾക്ക് ലഭ്യമാകുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ 2016 സെപ്റ്റംബർ മാസം വരെയുള്ള പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ പരിശോധന പൂർത്തിയായിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന് റിപ്പോർട്ടുകൾ ലഭ്യമാകുന്നതിൽ അസാധാരണമായ കാലതാമസം ഉണ്ടാകുന്നു. 1997 ലെ കേരള പഞ്ചായത്ത് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും )ചട്ടങ്ങൾ നിഷ്കർഷിക്കും വിധം പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിലെ അപാകതകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഇക്കാരണത്താൽ സാധ്യമാവുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പെർമിറ്റ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി - നഷ്ടം 1181/- രൂ

A) 2011ലെ കേരള പഞ്ചായത്ത് കെട്ടിടനിർമാണചട്ടങ്ങൾ GO(MS) 41/11/തസ്വഭവ/14.2.2011 ഷെഡ്യൂൾ 2 പ്രകാരം A2 വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് ച.മി.ക്ക് 5 രൂപയാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| പെർമിറ്റ് നം, ഉടമയുടെപേര് | കെട്ടിടത്തിന്റെ തരം | വിസ്തീർണം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | ഈടാക്കിയതിൽ കുറവ് വന്ന ഫീസ് |
|---|---|---|---|---|---|
| A5-1853/16 ജാസ്മി വെള്ളത്തിങ്ങൽ | ക്വാർട്ടേഴ്സ് | 404.21m2 | 1215 | 2021 | 806 |
| A5-1765/15 നാച്ചിവീട്ടിൽ കുഞ്ഞിഉമ്മ | ,, ,, | 187.8m2 | 564 | 939 | 375 |
| | | | | | 1181 |

തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

B) 2015-16 ബിൽഡിങ് പെർമിറ്റ് ലഭിച്ച പല അപേക്ഷകളിലും ഒരു വർഷത്തിലധികം സമയമായിട്ടും തീരുമാനമെടുത്തതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഏതാനം ഉദാഹരണങ്ങൾ താഴെചേർക്കുന്നു.

| അപേക്ഷ നം | വിലാസം | കെട്ടിടത്തിന്റ വിസ്തൃതി |
|---|---|---|
| 1827/15/7.4.15 | വാക്കാട്ട് ഖദീജ (വാസഗൃഹം) | 236.19m2 |
| 2270/15/8.5.15 | മുസ്ല്യാംവീട്ടിൽ നൗഫൽ (വാസ ഗൃഹം) | 247.45m2 |
| 3858/15/6.7.15 | മാനാത്ത് തൈപ്പറമ്പിൽ കുട്ടിഉമ്മർ(വാസഗൃഹം) | 261.63m2 |
| 3991/15/14.7.15 | മുകുന്ദൻ ചക്കുംതാഴത്ത് (പൗൾട്രിഫാം) | 183.39m2 |

C) പല അപേക്ഷകളിലും പെർമിറ്റ് നൽകിയിട്ടുണ്ടെങ്കിലും പെർമിറ്റ്ഫീസ് അടവാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. ഏതാനം ഉദാഹരണങ്ങൾ താഴെചേർക്കുന്നു

| വിലാസം | വിസ്തൃതി | പെർമിറ്റ് നം |
|---|---|---|
| താഴത്തേൽസുബൈദ(വാണിജ്യം) | 283.67m2 | A5-4077/15/20.8.15 |
| അബ്ദുറഹ്മാൻ പടണേലകത്ത്(വാസഗൃഹം) | 207.8m2 | A5-4184/15/24.7.15 |
| ഒളാട്ടിൽ കുഞ്ഞിമുഹമ്മദ് | 218.29m2 | A5-4209/15/26.8.15 |

കൂടാതെ പെർമിറ്റ് എടുക്കാത്ത പല കെട്ടിടങ്ങളും റഗുലറൈസ് ചെയ്ത് നമ്പരിട്ട് നല്കിയിട്ടുണ്ടെങ്കിലും ഫീസ് അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഡി. & ഒ. ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ഡി.&ഒ. ലൈസൻസ് ഫീസ് പിരിവ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു .

1.താഴെ പറയുന്ന സ്ഥാപന ഉടമകളിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 ചട്ടം17 പട്ടിക III പ്രകാരമുള്ള വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് കുറവായി ഈടാക്കി. ₹ 850 നഷ്ടം.

| സ്ഥാപനം | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| നാസർ റൈസ്&ഫ്ലോർ മിൽ 19/584 | 10 HP | 100 | 50 | 50 |

| | | | | |
|---|---|---|---|---|
| | | | | |
| മാധവ റൈസ്&ഫ്ലോർ മിൽ 8/128 | 10 HP | 100 | 50 | 50 |
| ജെയർ കൊപ്ര സെന്റർ 7/168 | 13 HP | 200 | 100 | 100 |
| ക്ലാസിക് ബ്രിക്സ് 7/369A | 10.5 HP | 200 | 100 | 100 |
| ഷുക്കൂർ റൈസ് മിൽ 1/175 | 10 HP | 100 | 50 | 50 |
| മോഹൻ രാജ്, തെക്കേകര, റൈസ്&ഫ്ലോർ മിൽ 5/370 | 10 HP | 100 | 50 | 50 |
| പറമ്പത്ത് റൈസ്&ഫ്ലോർ മിൽ 11/26 | 15 HP | 200 | 50 | 150 |
| പ്രിയ റൈസ്&ഫ്ലോർ മിൽ 7/20 | 15 HP | 200 | 100 | 100 |
| ആയിഷ വുഡ് റൈസ് ഇൻഡസ്ട്രീസ് 3/282A | 15 HP | 200 | 100 | 100 |
| ആളം റൈസ്&ഫ്ലോർ മിൽ 8/128 | 15 HP | 200 | 100 | 100 |
| | | | ആകെ | 850 |

2)ചില സ്ഥാപന ഉടമകൾ അപേക്ഷകളിൽ വിറ്റ് വരവ് രേഖപ്പെടുത്തുന്നില്ല. ആയതിനാൽ യഥാർത്ഥ വിറ്റ്‌വരവിന്റെയടിസ്ഥാനത്തിൽ D&O ലൈസൻസ് ഫീസ് നിർണ്ണയിക്കാനും പിരിച്ചെടുക്കാനും സാധിച്ചിട്ടില്ല.

3)ഭൂരിഭാഗം അപേക്ഷകളിൻമേലും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4)അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5)D&O ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററിൽ സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 9ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

അപാകതകൾ പരിഹരിക്കേണ്ടതും ഫീസ് ഇനത്തിൽ ലഭിക്കാനുള്ള ₹ 850 ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി വിവരം ആദ്യ മറുപടിയിൽ നൽകേണ്ടതുമാണ്.

## 2-3 കരാർ ചമയ്ക്കാതെ മുറികൾ വാടകയ്ക്ക് നൽകുന്നു.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ 4 മുറികൾ ലേലം പ്രകാരം 2015-16 വർഷത്തിൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ വാടകക്കാരുമായി വെച്ചിട്ടുള്ള കരാറുകൾ പൂർണ്ണമല്ല. വാടകക്കാരുടെ പേരിലുള്ള മുദ്ര പത്രങ്ങൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വാടക നിബന്ധനകളോ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോ ഒന്നും തന്നെ ഇല്ല.

പൂർണ്ണമായ കരാറുകൾ ചമയ്ക്കാതിരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12 ന് നൽകിയ മറുപടിയിൽ പഞ്ചായത്ത് ഓഫീസിലെ തിരക്കുകൾ മൂലമാണ് കരാർ പത്രം എഴുതി പൂർത്തിയാക്കാൻ കഴിയാതിരുന്നതെന്നും ആയത് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതാണെന്നും അറിയിച്ചു.

പൂർണ്ണമല്ലാത്ത കരാറുകൾക്ക് യാതൊരു നിയമ പിൻബലവും ഉണ്ടായിരിക്കുന്നതല്ല. ആയത് പരിഹരിക്കേണ്ടതും കരാർ പത്രങ്ങൾ ചമയ്ക്കുമ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകളും സാക്ഷ്യപ്പെടുത്തലുകളും നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 ഡി ആന്റ് ഒ ലൈസൻസ് - ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു (വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II,III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധ്യമല്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു.

ഇവ തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുകയും ചെയ്യുന്നു.

അപേക്ഷകളിലെ അന്വേഷണവും തുടർ നടപടികളും

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണെങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്.

ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പുവരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1000 രൂപ പിഴശിക്ഷ ഈടാക്കേണ്ടതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി

നടപടികൾ സ്വീകരിക്കേണ്ടതാണ്.

*ഇക്കാര്യത്തിൽ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.*

## 2-5 പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തൽ

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റിൽ മുൻ വർഷത്തേതിൽ നിന്നും അധികരിച്ച പുതിയ വരുമാന സ്രോതസ്സുകൾ ഒന്നും തന്നെ ഉൾപ്പെടുന്നില്ല. പരസ്യ നികുതി, സേവന ഉപനികുതി ഉൾപ്പെടെയുള്ള വരുമാന മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കാവുന്നതാണ്. കച്ചവടക്കാരുടെ വാർഡ് തിരിച്ചുള്ള പട്ടിക തയ്യാറാക്കുകയും മുഴുവൻ കച്ചവടക്കാരും ലൈസൻസ് എടുത്തുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ ഈയിനത്തിലും വരുമാന വർദ്ധനവ് നേടുവാൻ കഴിയും. ഡി ആന്റ് ഒ ലൈസൻസ് ഫീസ് പിരിവ് കാര്യക്ഷമമാക്കുന്നതോടൊപ്പം ബിസിനസ് സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിലൂടെ ഈയിനത്തിലെ വരവ് അധികരിപ്പിക്കാനാവും.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരുന്നുകൾ മുഴുവനായും ലഭ്യമായില്ല.

ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് അലോപ്പതി മരുന്നുകൾക്കായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള തുക കേരള മെഡിക്കൽ സർവ്വീസ് കോർപറേഷനിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ മുഴുവൻ തുകക്കുള്ള മരുന്നുകൾ ഓഡിറ്റ് തിയ്യതി വരെയും (22/10/2016) ലഭ്യമാക്കിയിട്ടില്ല. 3.8.2016ലെ കെ.എം.എസ്.സി.എൽ./സി.പി.എസ്. നമ്പർ കത്ത് പ്രകാരം ബാക്കി തുകക്കുള്ള മരുന്നുകൾ ഒരു മാസത്തിനകം പൂർണ്ണമായും നൽകിക്കൊള്ളാം എന്ന് അറിയിച്ചിട്ടുണ്ട്. ആകെ 1,44889 രൂപയുടെ മരുന്നുകൾ ലഭിക്കാനായി അവശേഷിക്കുന്നു. മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

| പ്രൊജക്ട് നമ്പർ | ബിൽ തുക | ലഭിച്ചത് | സപ്ലൈ ചെയ്യാനവശേഷിക്കുന്നത് |
|---|---|---|---|
| S0060/16 പരിരക്ഷ പാലിയേറ്റീവ് പരിചരണ പദ്ധതി | 6/15-16,28-3-16 -1,50,000 | 58564 | 91436 രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. |
| S0059/16 പെയിൻ &പാലിയേറ്റീവ് മരുന്ന് വാങ്ങൽ | 5/15-16,28-3-16 -99999 | 46546 | 53453 രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. |

## 3-2 ഭവനപുനരുദ്ധാരണം വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ആനുകൂല്യം നൽകി.

നിർവ്വഹണഉദ്യോഗസ്ഥൻ -വി.ഇ.ഒ.

ട്രഷറിബിൽനം, തുക - 7/15-16/18.3.16 ,

195000/- 15/15-16/28.3.16, 705000 /-

- ഭവനപുനരുദ്ധാരണത്തിനായി 15000/- രൂപ വീതം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാലുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

1)പ്രേമൻ നരിയാംവളപ്പിൽ

2)ചന്ദ്രമതി പുതുരുത്തി

ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് വാലുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയുണ്ടായി.
വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്ന വേളയിൽ തന്നെ ആവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.
പ്രൊജക്ട് നിർവ്വഹണം സുതാര്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ജനറേറ്റർ വാങ്ങൽ - അപാകതകൾ

പ്രോജക്റ്റ് നം - S0101/16

അടങ്കൽ - 454000/-(ലോകബാങ്ക് വിഹിതം)

ട്രഷറിബിൽ നം. തുക – 26/15-16 ,26.3.16, 447575/-

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ഇൻവോയ്സ് നം .07220/ 18.3.16 പ്രകാരം റെയ്ഡ്കോയിൽ നിന്ന് വാങ്ങിയ ജനറേറ്റർ (20KVA ,16KW, 50HZ, 415 Volt ഡീസൽ ജൻസെറ്റ്) ഓഡിറ്റ് സമയത്ത് ( 10/2016) പ്രവർത്തനരഹിതമായി കിടക്കുന്നതായി കാണാൻ കഴിഞ്ഞു. 447575/- രൂപ ചെലവഴിച്ച് വാങ്ങിയ ജനറേറ്റർ 6 മാസത്തിനകം തകരാറിലായ സാഹചര്യത്തിൽ ബന്ധപ്പെട്ട ഏജൻസിയെ റിപ്പയറിംഗിനായി സമീപിച്ചതായി ഫയലിൽ നിന്ന് കാണാൻ കഴിഞ്ഞില്ല. ജനറേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 മുറിച്ച മാറ്റിയ മരം ലേലം ചെയ്യുന്നതിന് നടപടിയില്ല.

ഒന്നാം വാർഡിൽ അപകടാവസ്ഥയിലായിരുന്ന പൂളമരം ഭരണസമിതി തീരുമാനത്തെ തുടർന്ന് (തീരുമാനം നം.6(3)/ 24.2.16) 6000/- രൂപ ചെലവഴിച്ച് (ചെക്ക് നം.20493/ 14.3.16) മുറിച്ച് മാറ്റുകയും അതിനുശേഷം ലേലം നടത്താൻ തീരുമാനമെടുത്തതായും ചെയ്തതായി കാണുന്നു. എന്നാൽ ലേലം നടത്തിയതായി കാണുന്നില്ല. മുറിച്ച മാറ്റുന്നതിനു മുമ്പായി മരം ലേലം ചെയ്യുന്നതിനോ ലേലം ചെയ്യുന്നതിന് എടുത്ത തീരുമാനം നടപ്പിലാക്കുകയോ ചെയ്തില്ല. ഇക്കാര്യത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 പൊതുടാപ്പ് തെരുവ് വിളക്ക് പരിപാലനം-അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിപാലിച്ചുവരുന്ന തെരുവ് വിളക്കുകളുടെയും പൊതുടാപ്പുകളുടെയും കൃത്യമായ എണ്ണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വെള്ളക്കരം ഇനത്തിലും (80938/-) വൈദ്യുതിചാർജിനത്തിലും (50001/-) പ്രതിമാസം വലിയ തുകയാണ് ഗ്രാമ പഞ്ചായത്ത് അടവാക്കി വരുന്നത്. വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 185 ടാപ്പുകൾക്ക് പ്രതിവർഷം 5250/-രൂപ നിരക്ക് പ്രകാരമാണ് വെള്ളക്കരം അടവാക്കി വരുന്നത്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യമായ എണ്ണം ഇല്ലാത്തതിനാൽ ഈ ഇനത്തിൽ പാഴ്ചെലവ് ഉണ്ടായിട്ടുണ്ടൊ എന്ന് പരിശോധിക്കാനായില്ല. ഇതുപോലെതന്നെ തെരുവ് വിളക്കുകൾക്കും കെ.എസ്.ഇ.ബി.യുടെ 2010ലെ കണക്കുകൾ പ്രകാരം ഉള്ള എണ്ണത്തിനാണ് ഇപ്പോഴും തുക അടവാക്കിവരുന്നത്. ഓർഡിനറി ബൾബുകൾ ഭൂരിഭാഗവും സി.എഫ്.എൽ ആയി മാറിയ സാഹചര്യത്തിൽ ഇപ്പോഴും ഓർഡിനറി ബൾബുകൾക്ക് വേണ്ടി ഉയർന്ന നിരക്കിലുള്ള തുക ചെലവഴിക്കുന്നു. വാട്ടർ അതോറിറ്റിയും കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും കൃത്യമായ എണ്ണം കണക്കാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ഫിസിയോ തെറാപ്പി യൂണിറ്റ് അപാകതകൾ

പ്രോജക്റ്റിന്റെപേര് -മാറഞ്ചേരി ജി.എച്ച്.എസിൽ ഫിസിയോ തെറാപ്പി യൂണിറ്റ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വൗച്ചർനം. തുക - 21500204 തിയതി 18.6.15, 82815/-

215001002 തിയതി 29.3.16, 28000/-

മേൽ പ്രോജക്റ്റ് പ്രകാരം അംഗപരിമിതരായ കുട്ടികൾക്ക് ഫിസിയോതെറാപ്പി യൂണിറ്റ് സ്ഥാപിക്കുകയും പരിശീലനം നൽകിയ 2 പേർക്ക് ഹോണറേറിയം നൽകുകയും ചെയ്തതായി കാണുന്നു. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട മേൽ പ്രോജക്റ്റ് സ്കൂളിൽ വച്ച് നടത്തിയതുവഴി പ്രൊജക്ട് ലക്ഷ്യം സാക്ഷാത്കരിക്കാനായതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് പദ്ധതി സ്കൂളിൽ നടപ്പിലാക്കിയിട്ടില്ലെന്നും പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ അനുമതിയോടെ സി.എച്ച്.സി യിലാണ് പ്രൊജക്ട് നടപ്പിലാക്കിയത് എന്നും അറിയിച്ചു. സി.എച്ച്.സി ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ സ്ഥാപനമായിരിക്കെ അത്തരത്തിൽ പദ്ധതി നടപ്പാക്കിയതു് ഉചിതമായ നടപടിയല്ല. പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും പാളിച്ചകൾ സംഭവിക്കാതിരിക്കാൻ വർക്കിംഗ് ഗ്രൂപ്പ്, മോണിറ്ററിംഗ് സമിതി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ പെട്ട പ്രൊജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-7 പരിരക്ഷ പാലിയേറ്റീവ് പരിചരണ പദ്ധതി-അധിക തുക നൽകി

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) 2015-16വർഷത്തിൽ നിർവ്വഹണം നടത്തിയ ചുവടെ കൊടുക്കുന്ന പ്രൊജക്ട് നടപ്പിലാക്കിയപ്പോൾ ഭക്ഷണം, ഹോണറേറിയം ഇനത്തിൽ ₹11188/-അധികം തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ

പദ്ധതിയുടെ പേര് : പരിരക്ഷ പാലിയേറ്റീവ് പരിചരണ പദ്ധതി.

പ്രൊജക്റ്റ് നമ്പർ : SO 51/16.

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി).

ചെലവ് തുക : 4,27,317/- രൂപ. (വികസനഫണ്ട്).

ബിൽ നമ്പർ : 1/15-16 തിയ്യതി. 25.11.2015 - 93520/- രൂപ.

2/15-16 തിയ്യതി. 11.12.2015 - 83180/- രൂപ.

3/15-16 തിയ്യതി. 16.02.2016 - 83383/- രൂപ.

10/15-16 തിയ്യതി. 28.03.2016 - 139449/- രൂപ.

I. ഭക്ഷണതുക അധികം നൽകി ₹ 7962

സ.ഉ(സാധാ) നം.3217/2015/തസ്വഭവ തി. 29.10.2015 പ്രകാരം ഹോംകെയർ ദിനങ്ങളിൽ ഗൃഹസന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് (പരമാവധി 3 പേർക്ക് ) ആവശ്യമായി വരുന്ന ഭക്ഷണച്ചെലവ് ഒരാൾക്ക് ഒരു ദിവസം പരമാവധി 60/- രൂപ എന്ന നിരക്കിൽ മാത്രമേ പ്രൊജക്റ്റിൽ വകയിരുത്തി നൽകാവൂ എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ പരമാവധി ആളുകളുടെ എണ്ണം 3 എന്നതും ഒരാൾക്ക് 60/- രൂപ എന്ന പരിധിയും പാലിക്കാതെ ഭക്ഷണത്തിന് തുക അനുവദിച്ചതിൽ 2015നവംബർ, ഡിസംബർ ,2016 ജനവരി, ഫെബ്രുവരി മാസങ്ങളിൽ ₹ 7962 അധികം നൽകിയിരിക്കുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| കാലയളവ് | ഹോം കെയർ ദിനങ്ങൾ | ഹോം കെയർ ദിനങ്ങൾക്രമ പ്രകാരം അനുവദിക്കാവുന്നത് | അനുവദിച്ചത്. | അധികമായി അനുവദിച്ചത്. |
|---|---|---|---|---|
| 11/2015 - 12/2015 | 25 | 4500 | 8207 | 3707 |
| 01/2016 - 02/2016 | 25 | 4500 | 8755 | 4255 |
| ആകെ | 50 | 9000 | 16962 | 7962 |

II. അധിക ഹോണറേറിയം നൽകി ₹ 3226

മേൽ മാർഗ്ഗരേഖ ഖ.2.8.12 പ്രകാരം നഴ്സിന് മാസത്തിൽ ഒരു ക്യാഷ്വൽ ലീവ് അനുവദിക്കാവുന്നതും ഒന്നിൽ കൂടുതൽ അവധി അനുവദിക്കുന്നുണ്ടെങ്കിൽ ആയതിന് ആനുപാതികമായി ഹോണറേറിയം കുറവ് ചെയ്യേണ്ടതാണ്.

പരിരക്ഷ നഴ്സ് ഹാജർ പുസ്തകം പരിശോധിച്ചതിൽ ശ്രീമതി. എം.ശ്രീമതി (പരിരക്ഷ നഴ്സ്)03.10.2015 മുതൽ 12.10.2015 വരെ അവധിയെടുത്തിട്ടുണ്ട്. എന്നാൽ ഈ അവധി ദിനങ്ങൾക്ക് ആനുപതികമായി ഹോണറേറിയത്തിൽ കുറവ് വരുത്താതെ മുഴുവൻ തുകയും നൽകിയിരിക്കുന്നു.ഈ ഇനത്തിൽ ₹ 3226 അധികം നൽകി. (ബിൽ നം. 3/15-16 തിയ്യതി. 16.02.2016 - 83383/- രൂപ, ഡി.ഡി. നമ്പർ 940926 തി. 17.02.2016 ₹ 30358,ഒക്ടോബർ,നവംബർ,ഡിസംബർ മാസങ്ങളിലെ ഹോണറേറിയം 30000+സ്റ്റേഷനറി 383) .

മേൽ പരാമർശത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി 10ന് നൽകിയ മറുപടിയിൽ അധികം നൽകിയ തുക ഈടാക്കി തിരിച്ചടക്കുന്നതാണെന്ന് അറിയിച്ചു.

മേൽ തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 <u>സമഗ്ര വിദ്യാഭ്യാസ പദ്ധതി-ചെലവ് രേഖകൾ ഹാജരാക്കിയില്ല - ₹6700 തടസ്സം ചെയ്യുന്നു.</u>

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ ചുവടെ കൊടുക്കുന്ന പ്രൊജക്റ്റ് നടപ്പിലാക്കിയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്റ്റ് നം. S001/16 ഗ്രാമ പഞ്ചായത്ത് സമഗ്ര വിദ്യാഭ്യാസ പദ്ധതി

അടങ്കൽ = 175000/- (വികസന ഫണ്ട് – ജനറൽ)

ബിൽ നം.1/15-16/18.1.16, 25000

ബിൽ നം.6/15-16/31.3.16,

നിർവ്വഹണം- ഹെഡ്മാസ്റ്റർ

1. ഗ്രാമ പഞ്ചായത്ത് സമഗ്ര വിദ്യാഭ്യാസ പദ്ധതി 2015-16 പദ്ധതിയുടെ പ്രൊജക്റ്റ് നിർവ്വഹണം മോണിറ്ററിംഗ് ചെലവിനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ എ.ഗംഗാധരൻ, ഹെഡ് മാസ്റ്റർ 24.3.2016 ന് 8000 രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 1300 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിരിക്കുന്നത്. രേഖകളുടെ അഭാവത്തിൽ അവശേഷിക്കുന്ന ₹ 6700/- യുടെ ചെലവ് ഓഡിറ്റ് തടസ്സം ചെയ്യുന്നു.

## 3-9 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ ചുവടെ കൊടുക്കുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയപ്പോൾ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

I.പ്രോജക്ട് നം.S0028/16 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ

അടങ്കൽ = 80,000/-

ബിൽ നം.3/15-16//24.2.16, 51993 (ARTCO Ltd. കോഴിക്കോട്, 224/24.2.16)

മേൽപ്പറഞ്ഞ പ്രോജക്ടിന്റെ ഭാഗമായി, താഴെപ്പറയുന്ന പഠനോപകരണങ്ങൾ വിദ്യാർത്ഥികൾക്ക് വാങ്ങി നൽകിയിട്ടുണ്ട്.

| ക്രമനം, | ഇനം | എണ്ണം |
|---|---|---|
| 1 | മേശ | 13 |
| 2 | കസേര | 13 |

12-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃ തിരഞ്ഞെടുപ്പ് ഗ്രാമ സഭകളിൽ നിന്നും യോഗ്യതാ മാനദണ്ഡങ്ങളും മുൻഗണനാ മാനദണ്ഡങ്ങളും അടിസ്ഥാനമാക്കി ആയിരിക്കണമെന്ന് വിശദീകരിക്കുന്നു. ഗ്രാമസഭ തയ്യാറാക്കി ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് യാതൊരു കാരണവശാലും മാറ്റം വരുത്താൻ പാടില്ല എന്ന് 04.08.2003 - ലെ 34704/ഡി.പി.1/03 ത.സ്വ.ഭ.വ. സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ പ്രൊജക്ട് ആനുകൂല്യം നൽകിയിരിക്കുന്നത് സ്കൂളുകളിൽ നിന്നും തയ്യാറാക്കി നൽകിയ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമാണ്. എന്നാൽ ഈ ആനുകൂല്യം നേടിയവരെ ഗ്രാമസഭ അംഗീകരിച്ചതായി കാണുന്നില്ല.

ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 11 ന് നൽകിയ മറുപടിയിൽ പഞ്ചായത്ത് മോണിറ്ററിംഗ് സമിതിയും പ്രസിഡന്റും സ്റ്റാന്റിംഗ് കമ്മറ്റിയും ഉൾപ്പെട്ട സമിതി നോക്കിയ ശേഷമാണ് വിതരണം ചെയ്തതെന്നും മേലിൽ ഗ്രാമസഭ വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതാണെന്നും അറിയിച്ചു.

II പ്രൊജക്ട് നം : S0022/16 – ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ധനസഹായം

അടങ്കൽ : 1156000/- (പ്ലാൻ ജനറൽ. 5,78000, ബ്ലോക്ക് വി. 289000/-, ജില്ലാ പ. വി. )

ചെലവ് : 578000/- (ബിൽ നം. 04/2015-16 തീ. 21.03.16)

പ്രൊജക്ട് നം : S0091/16 -സ്പിൽ ഓവർ

അടങ്കൽ : 123750/- (ബ്ലോക്ക് വി.)

ചെലവ് : 100000/- (ടി.എസ്.ബി. 0834876 തീ. 29.03.16 )

ഗ്രാമ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന 89 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുമാണ് തുക ചെലവഴിച്ചിരിക്കുന്നത്. സ.ഉ(എം.എസ്)362/2013/ത.സ്വ.ഭ.വ തീ. 16.11.2013 ഖ. 5.8 (കുറിപ്പ് 5) പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായത്തിന് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ പട്ടിക ബന്ധപ്പെട്ട ത.സ്വ.ഭ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും, ഗ്രാമസഭയിൽ വെച്ച് അംഗീകാരം നേടേണ്ടതുമാണ്. എന്നാൽ ഈ ആനുകൂല്യം നേടിയവരെ ഗ്രാമസഭ അംഗീകരിച്ചതായി കാണുന്നില്ല.

ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 11 ന് നൽകിയ മറുപടിയിൽ ഗുണഭോക്തൃലിസ്റ്റ് ഭരണ സമിതി അംഗീകാരം നൽകുകയാണ് ചെയ്തിട്ടുള്ളതെന്നും മേലിൽ നടപടിക്രമങ്ങൾ പാലിക്കുന്നതാണെന്നും അറിയിച്ചു.

ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന സംഗതിയിൽ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന അധികാരസ്ഥാനങ്ങൾ അല്ല. അംഗീകരിക്കുന്നതിനുള്ള അധികാരസ്ഥാനങ്ങൾ മാത്രമാണ്. ഗ്രാമസഭക്കാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അധികാരം. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-10 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്- ആവശ്യമായ രേഖകൾ ഹാജരാക്കാതെ ആനുകൂല്യങ്ങൾ നൽകുന്നു.

പ്രൊജക്ട് നമ്പർ 129/16 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

നിർവ്വഹണം . അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ 3,28,000 (വികസന ഫണ്ട്- എസ്.സി.പി)

ചെലവ് 3,27,992 രൂപ.

എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനായി തയ്യാറാക്കിയ പ്രൊജക്ടിൽ 8 വിദ്യാർത്ഥികൾക്ക് ഡി.ജി.എസ് & ഡി റേറ്റിൽ ഇൻഡസ് ഇ മാർക്കറ്റ് കോഴിക്കോട് നിന്നും വാങ്ങി നൽകുകയുണ്ടായി. നികുതികൾ അടക്കം ഒന്നിന് 40,999 രൂപ വിലയുള്ള ലാപ്ടോപ്പുകളാണ് വാങ്ങി നൽകിയത്. ഗുണഭോക്തൃ പട്ടികയിൽ 8-ാമതായി

ഉൾപ്പെടുത്തിയ ഊർമിള.വി, അല്ലി പറമ്പിൽ, മാറഞ്ചേരി എന്ന വിദ്യാർത്ഥിനിയുടെ അർഹത നിർണ്ണയിക്കുന്ന രേഖകൾ ഒന്നും തന്നെ ആനുകൂല്യം നൽകുന്ന അവസരത്തിൽ നിർവഹണോദ്യോഗസ്ഥൻ ആവശ്യപ്പെടുകയുണ്ടായില്ല. ഓഡിറ്റ് വേളയിൽ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് ഗുണഭോക്താവിൽ നിന്നും രേഖകൾ ലഭ്യമാക്കിയത്. അപാകതകൾ സൂചിപ്പിച്ച് നൽകിയ അന്വേഷണക്കുറിപ്പിനു മറുപടിയായി കോഴ്സ്, ഇപ്പോഴത്തെ താമസസ്ഥലം എന്നിവ തെളിയിക്കുന്ന രേഖകൾ ഹാജരാക്കുകയുണ്ടായി. കോഴ്സിന്റെ ആദ്യവർഷം സെമസ്റ്റർ പരീക്ഷ കഴിഞ്ഞ രേഖകൾ പ്രകാരം അപേക്ഷകയുടെ താമസ സ്ഥലമായ കക്കോടി ഗ്രാമ പഞ്ചായത്തിൽ നിന്നും ഇത്തരം ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ 40,999 രൂപ തടസ്സം ചെയ്യുന്നു.

## 3-11 ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികളിൽ മാർഗ്ഗരേഖകൾ പാലിക്കുന്നില്ല.

ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ ബഹുഭൂരിഭാഗവും ഗുണഭോക്തൃ സമിതികൾ വഴിയാണ് നടപ്പിലാക്കിയിട്ടുള്ളത്. 1997 -ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരവും സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച "ഗുണഭോക്തൃസമിതി മാർഗ്ഗരേഖ"യിലും ഗുണഭോക്തൃസമിതി മുഖേന ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന പൊതുമരാമത്ത് പണിയുടെ കാര്യത്തിൽ ഇടപാട് സുതാര്യവും ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കണമെന്നും അല്ലാത്ത സംഗതികളിൽ ഗുണഭോക്തൃ സമിതിയുടെ കൺവീനർ നഗരസഭയുമായി വച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും, ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദത്തിൽ പ്രസ്തുത പണി പഞ്ചായത്ത് നേരിട്ടോ കരാറുകാരൻ മുഖേനയോ പൂർത്തിയാക്കപ്പെടേണ്ടതും, ബിനാമി ഇടപാടിന് കാരണക്കാരായവരെ ഗ്രാമ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 1997- ലെ കേരള പഞ്ചായത്ത് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ പ്രകാരം ഗുണഭോക്തൃ കമ്മറ്റികൾ മുഖേന മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ, പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ, സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ എന്നിവ പ്രകാരമുള്ള മിക്ക നിർദ്ദേശങ്ങളും, ഗുണഭോക്തൃ കമ്മിറ്റി മുഖേന മരാമത്ത് പണികൾ നടത്തിയപ്പോൾ പാലിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1.പണമിടപാടുകൾക്ക് സംയുക്ത ബാങ്ക് അക്കൗണ്ട് ഇല്ല

ഗുണഭോക്തൃസമിതിയുടെ പണമിടപാടുകൾ ഒന്നും തന്നെ കൺവീനറുടെയും ചെയർമാന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലൂടെയല്ല നടത്തിയിരിക്കുന്നത്. പൂർത്തികരണശേഷം പാസ്ബുക്ക് ക്ലോസ് ചെയ്ത് തിരിച്ചേൽപ്പിച്ചിട്ടില്ല. കൺവീനർമാർ ആരും തന്നെ പണി നടത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽനിന്നും മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ലെന്നതും ശ്രദ്ധേയമായ കാര്യമാണ്.

2. നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയ എഗ്രിമെന്റ് രജിസ്റ്റർ പൂർണ്ണമായി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

3.മസ്റ്റർ റോൾ

വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, വിലാസം, വയസ്സ്, അച്ഛന്റെ പേര്, ഹാജർ, വേതന നിരക്ക്, വേതനം എന്നിവ അതത് ദിവസം രേഖപ്പെടുത്തുന്ന മസ്റ്റർ റോൾ ഒരാഴ്ചത്തേക്ക് ഒന്ന് എന്ന ക്രമത്തിൽ വെക്കണം. മസ്റ്റർ റോളിന്റെ അവസാന ഭാഗത്ത് കൺവീനറും ചെയർമാനും തിയ്യതി വെച്ച് ഒപ്പിടണം. ആ മസ്റ്റർ റോൾ പ്രകാരം ഏത് പ്രവൃത്തിയാണ് ചെയ്തിട്ടുള്ളതെന്നും രേഖപ്പെടുത്തണം. ഇത് പാലിച്ചിട്ടില്ല.

4.നിർമ്മാണ സാധനങ്ങൾ വാങ്ങൽ

പ്രവൃത്തിക്കാവശ്യമായ സാധനങ്ങൾ ഗുണനിലവാരവും വിലയും പരിശോധിച്ച് വാങ്ങണം. ആവശ്യമെങ്കിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കണം. സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തം വില, തിയ്യതി എന്നിവ രേഖപ്പെടുത്തിയ കാഷ് ബില്ലോ രശീതിയോ വേണം. സിമന്റ്, കമ്പി, ബിറ്റുമിൻ എന്നിവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാവൂ. എന്നാൽ മിക്ക പ്രവൃത്തികളിലും ബിൽ/രശീതി ഹാജരാക്കിയിട്ടില്ല. മാത്രവുമല്ല 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്.

5.യന്ത്ര സാമഗ്രികളുടെ വാടക

വാടകയ്ക്കെടുക്കുന്ന യന്ത്ര സാമഗ്രികളുടെ വാടക നൽകുന്നതിനും വൗച്ചർ വേണം. എന്നാൽ വാടക വൗച്ചർ ഇല്ല.

6.വരവ് ചെലവ് കണക്ക് പുസ്തകം

വരവും ചെലവും അതാത് ദിവസം കൃത്യമായി രേഖപ്പെടുത്തുന്ന വരവ് ചെലവ് കണക്ക് പുസ്തകം സൂക്ഷിക്കുകയും മാസാവസാനം മൊത്തം വരവും ചെലവും കൂട്ടിനോക്കി നീക്കിയിരിപ്പ് സംഖ്യ എഴുതി ബാങ്ക് അക്കൗണ്ടുമായി ഒത്തു നോക്കണം. 1997- ലെ കേരള പഞ്ചായത്ത് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ പ്രകാരം ഗുണഭോക്തൃ കമ്മറ്റികൾ മുഖേന മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ, പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ, സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ എന്നിവ പ്രകാരമുള്ള മിക്ക നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല.

7. മിനിട്സ് ബുക്ക്

സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേരുകയും വൗച്ചറുകൾ പാസാക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും തീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തുകയും വേണം. എന്നാൽ മിക്ക പ്രവൃത്തികളുടെ കാര്യത്തിലും കൺവീനറെയും ചെയർമാനെയും തെരഞ്ഞെടുക്കുന്നതിനായി ഒറ്റത്തവണ മാത്രമാണ് സമിതി യോഗം ചേർന്നിട്ടുള്ളത്. വരവുചെലവു കണക്കു പോലും സമിതി അംഗീകരിക്കുന്നില്ല.

8. ദൈനംദിന ഡയറി

പ്രവൃത്തി നിർവ്വഹണത്തിൽ ഓരോ ദിവസവും നടക്കുന്ന പ്രധാന കാര്യങ്ങൾ രേഖപ്പെടുത്തുന്നതിന് കൺവീനർ ഒരു ദൈനംദിന ഡയറി സൂക്ഷിക്കണം. മോണിറ്ററിംഗ് സമിതിയുടെ പരിശോധനാകുറിപ്പുകൾ ഈ ഡയറിയിൽ രേഖപ്പെടുത്തിക്കുകയും വേണം. ആയത് പാലിച്ചിട്ടില്ല.

9. പൂർത്തീകരണ റിപ്പോർട്ട്.

പ്രവൃത്തി പൂർത്തിയാക്കിയ ശേഷം, കരാർ ഉടമ്പടി പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കിയിരിക്കുന്നു എന്ന റിപ്പോർട്ട്, വരവു ചെലവു കണക്ക്, വൗച്ചറുകൾ, മസ്റ്റർ റോൾ, ഉപയോഗിച്ച മെറ്റീരിയലിന്റെ കണക്കുകൾ എന്നിവ സഹിതം കൺവീനർ ഗ്രാമപഞ്ചായത്തിനു നൽകണം. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ടോ മുഴുവൻ രേഖകളോ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല.

10. സംരക്ഷണ കമ്മിറ്റി രൂപീകരണം

പ്രൊജക്ട് പൂർത്തിയാക്കി വരവു ചെലവ് അവതരിപ്പിക്കുന്നതിനു വേണ്ടി വിളിച്ചു ചേർക്കുന്ന ഗുണഭോക്താക്കളുടെ പൊതുയോഗത്തിൽ വച്ച് നിർവ്വഹണ കമ്മിറ്റി പിരിച്ചു വിടുകയും സംരക്ഷണത്തിനും നടത്തിപ്പിനും വേണ്ടിയുള്ള കമ്മിറ്റി രൂപീകരിക്കുകയും വേണം. ഈ കമ്മിറ്റി സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യണം. ആയതും പാലിച്ചിട്ടില്ല.

ഗുണഭോക്തൃ സമിതി മാർഗ്ഗരേഖകൾ പാലിക്കാതെയുള്ള മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടപ്രകാരമല്ല. ഇത്തരത്തിൽ അപൂർണ്ണമായ ഫയലുകൾ സൂചിപ്പിക്കുന്നത് മാർഗ്ഗരേഖകൾ പ്രകാരമല്ല പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുള്ളത് എന്നാണ്. 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/തസ്വഭവ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13ൽ ഗുണഭോക്തൃസമിതി രൂപീകരിക്കേണ്ടത് എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികൾ മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ച് സുതാര്യമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ ടെണ്ടർ ഫാറം വില്പന ഇനത്തിലും, ടെണ്ടർ സേവിംഗ്സ് ഇനത്തിലും ഗണ്യമായ തുക ഗ്രാമപഞ്ചായത്തിന് നിശ്ചയമായും ലാഭിക്കാമായിരുന്നു.

നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിൽ കരാർ മുഖേനയുള്ള പ്രവൃത്തികൾ പരമാവധി ഒഴിവാക്കുന്നതിനും, ജനപങ്കാളിത്തത്തോടെ സുതാര്യമായും, ഗുണനിലവാരം പുലർത്തിയും ചെലവ് ചുരുക്കിയും നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഗുണഭോക്തൃസമിതികൾ മുഖാന്തിരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നത്. എന്നാൽ ഈ ഉദ്ദേശ്യങ്ങളെ പാടെ നിരാകരിക്കുന്ന തരത്തിലാണ് ഗ്രാമ പഞ്ചായത്തിൽ പദ്ധതി നിർവ്വഹണം നടന്നിരിക്കുന്നത്. അപാകതയിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ മുഴുവൻ മരാമത്ത് പ്രവൃത്തികളുടെയും നിർവ്വഹണം സംബന്ധിച്ച് വിശദമായ അന്വേഷണം ഭരണ സമിതി

നടത്തേണ്ടതാണ്.

ഇക്കാര്യത്തിൽ മറപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(15/1-11-16) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്വീകരിച്ച നടപടികൾ ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്.

## 3-12 എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയർ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച.

ഓഡിറ്റ് കാലയളവിൽ (2015-16) ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ രേഖകളും, രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി പരിശോധയിൽ വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ഓഡിറ്റ് കാലയളവിലെ ക്യാഷ് ബുക്ക് പൂർണ്ണമല്ല.
2.എസ്റ്റിമേറ്റുകൾ പ്രാദേശിക ഭാഷയിൽ തയ്യാറാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

3. പ്രോജക്ട് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഓരോ വർഷവും എഗ്രിമെന്റ് വച്ച പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തിയാക്കി ഫൈനൽ ബിൽ തുക നൽകിയിട്ടുണ്ടെന്നും, എത്ര പ്രവൃത്തികൾ ഭാഗീകമായി നടപ്പിലാക്കിയെന്നും, എത്രയെണ്ണം പൂർത്തിയാക്കാൻ അവശേഷിക്കുന്നുവെന്നും പരിശോധിച്ച് ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല.

4. ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. നിരത ദ്രവ്യം ഈടാക്കിയതിന്റെ രസീതി നം., തീയതി, ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാനം എന്നിവയും രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5.ഓഡിറ്റ് കാലയളവിൽ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ജാമ്യനിക്ഷേപമായി ലഭിച്ച സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ ഭദ്രമായി സൂക്ഷിക്കുന്നതിന് പകരം പ്രവൃത്തിയുടെ ഫയലുകളിൽ സൂക്ഷിച്ചിരുന്നതായി പരിശോധനയിൽ കാണാൻ കഴിഞ്ഞു. കരാറുകാരിൽ നിന്നും ജാമ്യ നിക്ഷേപമായി ലഭിക്കുന്ന പലിശ കിട്ടുന്ന സെക്യൂരിറ്റികളുടെ കൈപ്പറ്റലും, തിരിച്ചു നൽകലും നിരീക്ഷിക്കുവാനായി KPWD ഫാറം 81-ൽ പലിശ കിട്ടുന്ന സെക്യൂരിറ്റികളുടെ രജിസ്റ്റർ സൂക്ഷിക്കുവാൻ കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡിൽ നിഷ്കർഷിച്ചിട്ടുണ്ട് (ഖ-15.6.1). എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ വിധമുള്ള ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സെക്യൂരിറ്റികൾ യഥാവിധി സൂക്ഷിച്ചിട്ടില്ലാത്തതിനാലും, ക്രമപ്രകാരം രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാലും സ്ഥാപനം കൈപ്പറ്റിയതും, തിരിച്ചു നൽകിയതുമായ സെക്യൂരിറ്റികളുടെ എണ്ണം നിശ്ചയിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. കൂടാതെ സെക്യൂരിറ്റികൾ അനധികൃതമായി റിലീസ് ചെയ്തു നൽകുന്നുണ്ടോയെന്ന് (പ്രവൃത്തികളുടെ സംരക്ഷണ കാലയളവ് കഴിയുന്നതിന് മുമ്പ്) പരിശോധിക്കുന്നതിനും കഴിഞ്ഞിട്ടില്ല.

6.ടെണ്ടർ ഫാറങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററും, ഒരു ടെണ്ടർ ഫാറത്തിന് പ്രവൃത്തിയുടെ അടങ്കലിന് അനുസൃതമായി വില വരുമെന്നതിനാൽ ആയതിന്റെ സ്റ്റോക്കും, വില്പനയുടെ വിശദാംശങ്ങളും (രശീതി നമ്പർ ഉൾപ്പെടെ) രേഖപ്പെടുത്തി സൂക്ഷിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. വരവു വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തുന്നില്ല.

7.എം.ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അതുപോലെതന്നെ പി.ഡബ്ല്യൂ.ഡി. മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം എം.ബുക്കുകളുടെ മൂവ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

8. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണവും അവ്യക്തവുമായി തയ്യാറാക്കുന്നു. മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ നിലവിലുള്ള നിർമ്മിതിയുടെ വ്യക്തമായ വിവരണം ഇല്ല.

9.മിക്ക മരാമത്ത് പ്രവൃത്തികളുടെയും കരാറുകാർ/കൺവീനർമാർ ഹാജരാക്കിയിട്ടുള്ള എഗ്രിമെന്റുകൾ അപൂർണ്ണമാണ്. എഗ്രിമെന്റിൽ എല്ലാ വിവരങ്ങളും പൂരിപ്പിക്കുകയോ ബന്ധപ്പെട്ട കക്ഷികളും, സാക്ഷികളും ഒപ്പിട്ട് ആധികാരികമാക്കുകയോ ചെയ്തിട്ടില്ല.

10.പ്രവൃത്തികളുടെ ഫയലുകളിൽ പലതിലും കംപ്ലീഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

11.റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഒന്നും തന്നെ പ്രവൃത്തി നടത്തുന്ന ചെയ്നേജ് രേഖപ്പെടുത്തുന്നില്ല.
12. ഗ്രാമ പഞ്ചായത്തിലെ റോഡുകൾ സംബന്ധിച്ച് ആധികാരിക വിവരം നൽകുന്ന റോഡ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്

(നമ്പർ17/2-11-16) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-13 വരവു ചെലവു കണക്കുകൾ - രേഖകൾ ഹാജരാക്കാത്ത കൺവീനർക്ക് പണം നൽകിയത് തടസ്സം ചെയ്യുന്നു.

1997- ലെ കേരള പഞ്ചായത്ത് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ പ്രകാരം ഗുണഭോക്തൃ കമ്മറ്റികൾ മുഖേന മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ, പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ, സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ എന്നിവ പ്രകാരമുള്ള മിക്ക നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും പാലിക്കാതെയും പ്രവൃത്തി സംബന്ധമായ യാതൊരുവിധ ചെലവു രേഖകളും മസ്റ്റർറോളുകളും വാങ്ങിയ സാധനങ്ങൾക്ക് ബില്ലുകൾ ഇല്ലാതെയും താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്കെന്ന പോലെ മൂല്യനിർണ്ണയം നടത്തി തുക നൽകിയതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രൊജക്ട് | കൺവീനർ | മൂല്യനിർണ്ണയ തുക | എം.ബുക്ക്. , ബിൽ/ഡി.ഡി നമ്പർ |
|---|---|---|---|---|
| 1 | പ്രൊജക്ട് നമ്പർ 20/16 രാരു നായർ റോഡ് റീ ടാറിംഗ് അടങ്കൽ 3 ,50,000 (MG-R) | മൻസൂർ അലി | 3,47,188 രൂപ. | 35/28-3-16 |
| 2 | പ്രൊജക്ട് നമ്പർ 29/16 പടിഞ്ഞാറ്റുമുറി റോഡ് ടാറിംഗ് പ്രവൃത്തി. അടങ്കൽ 2,00,000 (വികസന ഫണ്ട്) | കുഞ്ഞിമോൻ ഹാജി.കെ.പി | 1,98,607 രൂപ. | ബിൽ നമ്പർ 39/28-3-16 |
| 3 | പ്രൊജക്ട് നമ്പർ 108/16 കൃഷ്ണ പണിക്കർ റോഡ് നിർമ്മാണം അടങ്കൽ 5,00,000 (തനതു ഫണ്ട് ) | ഗംഗാധരൻ | മൂല്യനിർണ്ണയ തുക. 4,99,373 രൂപ.. | എം.ബുക്ക്. 53/15-16, 134/15-16 , DD 154214/21-03-16 (SBT Ponnani) |

| | | | | |
|---|---|---|---|---|
| | | | | |
| 4 | പ്രൊജക്ട് നമ്പർ 17/16<br>വടമുക്ക് കുന്നത്ത് പള്ളി റോഡ് ടാറിംഗ്.<br>അടങ്കൽ 2,00,000 (CFC) | ഹസ്സൻ | 1,99,997 രൂപ. | 22/12-2-16 |
| 5 | പ്രൊജക്ട് നമ്പർ 107/16<br>എരവത്തേൽ ഇടവഴി റോഡ് റീടാറിംഗ്.<br>അടങ്കൽ 50,000 (തനതു ഫണ്ട്) | ബാപ്പൂട്ടി | 48039 രൂപ. | 52/15-16 |
| 6 | പ്രൊജക്ട് നമ്പർ 51/16<br>പറോട്ടിപ്പാടം റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ 3,50,000 (CFC) | കെ. ഗോപാലകൃഷ്ണൻ | 3,48,871 രൂപ. | 37/15-16 , ബിൽ നമ്പർ 15/12-10-15 |
| 7 | പ്രൊജക്ട് നമ്പർ 19/16<br>കോടഞ്ചേരി പള്ളി എളയേടത്ത് പറമ്പ് റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ 3,50,000 (MG-R) കൺവീനർ | മുഹമ്മദ് അബ്ദുറഹ്മാൻ | 3,48,485രൂപ | 26/15-16 , ബിൽ നമ്പർ 6/ 22-9-15, 7/22-9-15 |

| | | | | |
|---|---|---|---|---|
| | മൂല്യനിർണ്ണയ തുക.. എം.ബുക്ക്. | | | |

കൺവീനർ സമർപ്പിക്കേണ്ട യാതൊരു ചെലവു രേഖകളും സമർപ്പിക്കാതെ കരാറുകാർക്കെന്ന പോലെ മൂല്യനിർണ്ണയം നടത്തിയാണ് ഈ പ്രവർത്തികൾക്ക് പണം നൽകിയിരിക്കുന്നത്. ചെലവ് തടസ്സം ചെയ്യാതിരിക്കാൻ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കാത്തതിനാൽ 19,90,560 രൂപ തടസ്സം ചെയ്യുന്നു.

## 3-14 ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

സമൂഹത്തിലെ ഏറ്റവും അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി കുടുംബശ്രീയും ഗ്രാമപഞ്ചായത്തും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണിത്. അവശ ജനവിഭാഗങ്ങൾക്ക് ശാരീരിക മാനസിക സുരക്ഷിതത്വം നൽകുകയും അതുവഴി അവരുടെ ജീവിതപുരോഗതിയും ആണ് ആശ്രയ പദ്ധതി വഴിവിഭാവനം ചെയ്യുന്നത്. 2008ൽ ആരംഭിച്ച ആദ്യഘട്ടത്തിൽ 47,53,100/- രൂപയുടെ പ്രോജക്റ്റ് തയ്യാറാക്കുകയും അതുവഴി 32 പേർക്ക് ഭക്ഷണസാധനങ്ങളും 51 പേർക്ക് ചികിത്സാസഹായവും കൈവശ ഭൂമിയില്ലാത്ത 5 പേർക്ക് ഭൂമി വാങ്ങി നൽകലും 32 പേർക്ക് വീട് അനുവദിക്കലും 3 പേർക്ക് കുടിവെള്ളവും 2 പേർക്ക് കക്കൂസ് അനുവദിക്കുകയും ആണ് ചെയ്തിട്ടുള്ളത്. ഭാഗികമായി മാത്രം ലക്ഷ്യം കൈവരിച്ച ഒന്നാംഘട്ടം 2014 ന് ശേഷം നിശ്ചലമായിരിക്കുകയാണ്. ഒന്നാംഘട്ടത്തിൽ ഉൾപ്പട്ട തുടർന്നും സേവനം ആവശ്യമുള്ള അഗതികളായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി (2015-18) തുടർസേവന പ്രോജക്റ്റ് അംഗീകാരത്തിനായി കുടുംബശ്രീ സ്റ്റേറ്റ് മിഷനിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെയും അംഗീകാരം ലഭ്യമായിട്ടില്ല. അതോടൊപ്പം അവശത അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തി, ആശ്രയ രണ്ടാം ഘട്ടത്തിന്റെ സർവ്വെയും പൂർത്തീകരിച്ചിട്ടുണ്ട്. വിഭാവനം ചെയ്തതിൽ നിന്നും വളരെ കുറഞ്ഞ അളവിലുള്ള ലക്ഷ്യം മാത്രമെ ആശ്രയ പദ്ധതി മൂലം നേടാനായുള്ളൂ. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 തൊഴിലുറപ്പ് പദ്ധതി അവലോകനം

2005-ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം.

പദ്ധതി നടത്തിപ്പു രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

2276 കുടുംബങ്ങളാണ് 2015-16 വർഷത്തിൽ തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിൽ 2187 കുടുംബങ്ങൾക്കാണ് തൊഴിൽകാർഡ് ലഭിച്ചിട്ടുള്ളത്.
തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികൾ - 214
നടപ്പിലാക്കിയ പ്രോജക്റ്റുകൾ - 214
ആകെ അടങ്കൽ -10964000 രൂപ
തൻവർഷത്തെ വരവ് - 89.79 ലക്ഷം രൂപ
ചെലവ് - 89.79 ലക്ഷം രൂപ
തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം - 749

100 തൊഴിൽദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ - 112.

ഗ്രാമങ്ങളിലെ അവിദഗ്ധ തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ നൽകുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ദേശീയ തൊഴിലുറപ്പ് നിയമപ്രകാരം തൊഴിൽ ചെയ്യാൻ തയ്യാറായ ഓരോ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം നൂറ് ദിവസത്തിൽ കുറയാതെ തൊഴിൽ നൽകേണ്ടതാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് സാധ്യമായിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് ,മലപ്പുറം | 2015-16 | 2,89,000 | വികലാംഗ സ്കോളർഷിപ്പ് | 2,89,000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത്, പെരുമ്പടപ്പ് | 2015-16 | 1,87,500 | ,, ,, | 1,87,500 | ഇല്ല |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 3,49,439 രൂപയിൽ ഓഡിറ്റ് വർഷം തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഹൗസിംഗ് | ജി.ഒ(ആർടി)5404/11/fin 02-07-11 | 58,00,000 | 3,49,439 | 209458 | - | 1,39,981 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 17548 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 3-4, | 13168 | ടി.കെ. ദാസൻ, | 11511103661/7-12-15 |

| | | | | |
|---|---|---|---|---|
| | | | അസി.എഞ്ചിനീയർ | |
| 2013-14 | - | 50 | ഹെഡ്മാസ്റ്റർ, പനമ്പാട് | 11511104514/3-2-16 |
| 1987-89 | - | 176 | കമലം, ലീല | 11511104515/3-2-16 |
| 1983-84 | 10(2) | 20 | സെക്രട്ടറി | 11511104516/3-2-16 |
| „ | 17 | 25 | രാജഗോപാൽ | 11511104517/3-2-16 |
| 1982-83 | 9(3),(4),(5),(6),10(1),(2),(3),(4),(25) | 863 | സെക്രട്ടറി | 11511104519/3-2-16 |
| 1981-82 | 7(b)(d)(e) | 266 | സെക്രട്ടറി | 11511104520/3-2-16 |
| 1981-82 | 19 | 53 | കുഞ്ഞിബാവ | 11511104521/3-2-16 |
| 1979-80 | 10(b),33 | 211 | സെക്രട്ടറി | 11511104522/3-2-16 |
| 1989-91 | 8(b) | 60 | കുഞ്ഞിമോൻ | 11511104523/3-2-16 |
| 1989-91 | 22 | 321 | മൊയ്തുണ്ണി | 11511104524/3-2-16 |
| 1989-91 | 25 | 331 | വേലായുധൻ, മണി, മൊയ്തുണ്ണി | 11511104525/3-2-16 |
| 1991-92 | 8(b),16,20(1) | 1756 | കെ.മൊയ്തുണ്ണി | 11511104526/3-2-16 |
| 1978-79 | 12(a),12(c) | 46 | സെക്രട്ടറി | 11511104528/3-2-16 |
| 1978-79 | - | 6 | അമ്മിണി | 11511104529/3-2-16 |
| 1978-79 | 13(d) | 12 | ഗോപി, എം.ഡി.സി ബാങ്ക് | 11511104530/3-2-16 |
| 1991-92 | 18 | 184 | മൊയ്തുണ്ണി | 11511104539/3-2-16 |
| ആകെ | | 17,548 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,09,12,733 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :5,23,11,991 |
| വരവിനങ്ങളിലുള്ള നഷ്ടം | :2031 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3226 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :20,38,259 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1181 | | വി.ജയരാജൻ, സെക്രട്ടറി |
| 2-2 | 850 | | വി.ജയരാജൻ, സെക്രട്ടറി |
| 3-7 | | 3,226 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 6700 | എ.ഗംഗാധരൻ, ഹെഡ്മാസ്റ്റർ |
| 3-10 | 40,999 | അനിൽ ബാബു, അസി.സെക്രട്ടറി |
| 3-13 | 19,90,560 | സനിൽകുമാർ, അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.ജയരാജൻ, സെക്രട്ടറി | സെക്രട്ടറി, മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് | പലകാഴി,കല്ലൂർ,വടക്കേക്കാട്,തൃശ്ശൂർ ജില്ല 679562 |
| ഡോ.ഗ്രീഷ്മ.എം.ബി മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,മാറഞ്ചേരി | മുളംകുളത്തിൽ ഹൗസ്, ഈശ്വരമംഗലം, തവനൂർ |

| | | |
|---|---|---|
| ഡോ. ആദർശ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,മാറഞ്ചേരി | മയൂഖം, ഒഞ്ചിയം, വടകര, കോഴിക്കോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1978-79 | എൽ. എഫ്. എം.5/709/06 തിയ്യതി 25-6-96 | 11 | |
| 81-82 | എൽ. എഫ്. എം.5/ 712/06 തിയ്യതി29-6-96 | 11 | |
| 82-83 | എൽ. എഫ്. എം.5/ 713/6 തിയ്യതി 29-6-96 | 15 | |
| 83-84 | എൽ. എഫ്. എം.5/ 714/06 തിയ്യതി29-6-96 | 15 | |
| 84-85 | എൽ. എഫ്. എം.5/ 715/06 തിയ്യതി29-6-96 | 12 | |
| 85-86 | എൽ. എഫ്. എം.5/716/06 തിയ്യതി29-6-96 | 24 | |
| 86-88 | എൽ. എഫ്. എം.5/ 717/06 തിയ്യതി29-6-96 | 14 | |
| 88-90 | എൽ. എഫ്. എം.5/ 573/06 തിയ്യതി29-6-96 | 15 | |
| 90-91 | എൽ. എഫ്. എം.5/573/06 തിയ്യതി29-6-96 | - | |
| 91-92 | എൽ. എഫ്. എം.5/1489/96 തിയ്യതി29-6-96 | 23 | |
| 92-93 | എൽ. എഫ്. എം.11/523/2000/<br>തിയ്യതി- 12-06-01 | 13 | |
| 94-95 | എൽ. എഫ്. എം.11/ തിയ്യതി16-01-2000 | 21 | |
| 96-97 | എൽ. എഫ്. എം.9/1509/03 തിയ്യതി 12-10-04 | 6 | |
| 97-98 | എൽ. എഫ്. എം.9/1510/03 തിയ്യതി 9-11-04 | 14 | |
| 98-99 | എൽ. എഫ്. എം.9/1511/03/03<br>തിയ്യതി 16-11-04 | 24 | |
| 99-00 | എൽ. എഫ്. എം.11/706/01 തിയ്യതി 18-09-02 | 4 | |
| 2000-01 | എൽ. എഫ്. എം.17/206/03 തിയ്യതി 26-08-03 | 24 | |
| 01-02 | എൽ. എഫ്. എം.17/ 679/03 തിയ്യതി 14-08-03 | 13 | |
| 02-03 | എൽ. എഫ്. എം.9/1073/04 തിയ്യതി 11- 02-05 | 9 | |
| 03-04 | എൽ. എഫ്. എം.16/135/08 തിയ്യതി1-04-09 | 4 | |
| 04-05 | എൽ. എഫ്. എം.6/2291/08/ തിയ്യതി10-06-09 | 36 | |
| 05-06 | എൽ. എഫ്. എം.17/2386/11 തിയ്യതി18-12-12 | 20 | |
| 06-07 | എൽ. എഫ്. എം.6/598/10 തിയ്യതി21-1-12 | 9 | |
| 07-08 | എൽ. എഫ്. എം.17/505/11 തിയ്യതി21-1-12 | 13 | |
| 08-09 | എൽ. എഫ്. എം.17/ 506/11 തിയ്യതി 18-02-12 | 23 | |

| | | | |
|---|---|---|---|
| 09-11 | എൽ. എഫ്. എം.17/ 2401/13 തിയ്യതി 16-12-13 | 26 | |
| 2010-11, 2011-12, 2012-13 | എൽ. എഫ്. എം.17/ 1111/15 തിയ്യതി 15.06.2015 | 25 | |
| 2013-14,2014-15 | കെ.എസ്.എ-എം.പി.എം28/2101/2016 തിയ്യതി 08-08-16 | 24 | |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം28/3023/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി 09-01-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

## AUDIT CERTIFICATE 2015-16

No. KSA/MPM28/3023/ 2016

Kerala State Audit Department

District Audit office, Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 09-01-2017

Certified that I have audited the Annual Financial Statement of Maranchery Grama panchayath in Malappuram District of the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Maranchery Grama panchayath for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Malappuram

## അനുബന്ധം 2

## ബാലൻസ് ഷീറ്റ് 2015-16

-

## അനുബന്ധം 3

## ഇൻകം & എക്സ്പെൻഡിച്ചർ പത്രിക

-

## അനുബന്ധം 4

## രസീത് & പേയ്മെന്റ് പത്രിക

-